LIBRARY ARCHIVES Kerala Legislative Assembly

റെയിൽവേ ലൈൻ ഡബ്ലിംഗ് പൂർത്തീകരണം

*13 [913] ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. സി. കെ. നാണു:
,, കെ. പി. മോഹനൻ:
,, എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റെയിൽവേ വികസനത്തിന്റെ ഭാഗമായി ലൈൻ ഡബ്ലിംഗ് പൂർത്തിയാകാത്തത് എവിടെയൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഡബ്ലിംഗ് പൂർത്തിയാകാത്ത സ്ഥലങ്ങളിൽ പണി ഉടൻ പൂർത്തീകരിക്കുന്നതിനുവേണ്ടി കേന്ദ്ര റെയിൽവേ മന്ത്രാലയത്തിൽ നിവേദനം നൽകിയിട്ടുണ്ടോ;

(സി) ആയതിന്റെ അടിസ്ഥാനത്തിൽ റെയിൽവേ വകുപ്പ് എന്തെങ്കിലും മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) കോഴിക്കോട്-മംഗലാപുരം, കുറ്റിപ്പുറം-ഷൊർണ്ണൂർ-കോഴിക്കോട്, എറണാകുളം-കായംകുളം (കോട്ടയം വഴിയും ആലപ്പുഴ വഴിയും), ഷൊർണ്ണൂർ-നിലമ്പൂർ എന്നിവിടങ്ങളിലാണ്.

(ബി) ഉണ്ട്.

(സി) കായംകുളം മുതൽ തിരുവനന്തപുരം വരെയും 221 കി. മീ. ദൈർഘ്യമുള്ള കോഴിക്കോട്-മംഗലാപുരം പാതയുടെ 210 കി. മീറ്ററും ഡബ്ലിംഗ് കമ്മീഷൻ ചെയ്തിട്ടുണ്ട്. കോഴിക്കോട്-മംഗലാപുരം ബാക്കി ഭാഗത്തിന്റേയും കുറ്റിപ്പുറം-കോഴിക്കോട്, എറണാകുളം-മുളന്തുരുത്തി, മാവേലിക്കര-കായംകുളം, എറണാകുളം ജംഗ്ഷൻ-എറണാകുളം മാർഷലിംഗ് യാർഡ് എന്നിവിടങ്ങളിലേയും പണികൾ നടന്നുവരുന്നു.

കേന്ദ്ര തൊഴിൽ നയങ്ങൾക്കനുസൃതമായി തൊഴിൽ നിയമങ്ങളിൽ മാറ്റം വരുത്തുന്ന നടപടി

*14 [914] ശ്രീ. ടി. പി. രാമകൃഷ്ണൻ:
,, കെ. കെ. ജയചന്ദ്രൻ:
,, കെ. രാധാകൃഷ്ണൻ:
,, കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിൽ നിയമങ്ങൾ കേന്ദ്ര തൊഴിൽ നയങ്ങൾക്കനുസൃതമായി പൂർണ്ണമായും മാറ്റാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) തൊഴിലാളി സംഘടനകൾ ഏറെക്കാലം സമരത്തിലൂടെ നേടിയെടുത്ത അവകാശങ്ങളെല്ലാം ഇല്ലാതാക്കുന്നതാണ് കേന്ദ്രനയം എന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(സി) നിക്ഷേപകർക്ക് കൂടുതൽ ആനുകൂല്യങ്ങളും സൗജന്യങ്ങളും നൽകുന്ന സർക്കാർ തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങളോട് അനുഭാവപൂർവ്വമല്ലാത്ത സമീപനം സ്വീകരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ഭരണ നവീകരണത്തിനായുള്ള സമീപന രേഖയിൽ ട്രേഡ് യൂണിയനുകൾ തൊഴിൽ മേഖലയിൽ സൃഷ്ടിക്കുന്നതായി പറഞ്ഞ തടസ്സങ്ങൾ എന്തൊക്കെയാണ്;

(ഇ) തൊഴിലാളി വിരുദ്ധമായ സമ്മർദ്ദങ്ങൾക്ക് കീഴ്പ്പെടാതിരിക്കാൻ സർക്കാർ തയ്യാറാവുമോയെന്ന് വ്യക്തമാക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) കേന്ദ്ര തൊഴിൽ നയങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ തൊഴിൽ നിയമങ്ങൾ പൂർണ്ണമായും മാറ്റുവാൻ ഉദ്ദേശിക്കുന്നില്ല. സംസ്ഥാന സർക്കാർ നിയമ സഭയിൽ അവതരിപ്പിച്ചിട്ടുള്ള കരടു തൊഴിൽ നയത്തിൽ പറയുന്ന കാര്യങ്ങൾക്കനുസൃതമായി നിലവിലുള്ള തൊഴിൽ നിയമങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) രണ്ടാം ദേശീയ തൊഴിൽ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശകളല്ലാതെ കേന്ദ്ര സർക്കാരിൽ നിന്നും തൊഴിൽ നയത്തെ സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ല.

(സി) തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങളോട് അനുഭാവപൂർവ്വമല്ലാത്ത സമീപനം സംസ്ഥാന സർക്കാർ സ്വീകരിക്കാറില്ല.

(ഡി) ട്രേഡ് യൂണിയനുകൾ എന്തെങ്കിലും തടസ്സങ്ങൾ സൃഷ്ടിക്കുന്നതായി സമീപനരേഖയിൽ പറഞ്ഞിട്ടില്ല.

(ഇ) തൊഴിലാളി വിരുദ്ധമായ സമ്മർദ്ദങ്ങൾക്ക് സർക്കാർ കീഴ്പ്പെടുന്ന പ്രശ്നം ഉദിക്കുന്നില്ല.

പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്വയം വിരമിക്കൽ പദ്ധതി

*15 [915] ശ്രീ. രാജു എബ്രഹാം:
,, കോടിയേരി ബാലകൃഷ്ണൻ:
,, ടി. കെ. ബ്യാലൻ:
,, ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരെയും തൊഴിലാളികളേയും സ്വയം വിരമിക്കൽ പദ്ധതിയിലൂടെ പിരിച്ചുവിടാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly